# പതിമൂന്നാം കേരളനിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3048** 22/02/2016 ൽ മറുപടിയ്ക്ക്.

**ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരെ പഞ്ചായത്തുകളിൽ നിലനിർത്തുന്നത്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർ നിലവിൽ എവിടെയാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ ; | (എ) ഗ്രാമപഞ്ചായത്തുകൾ നഗരസഭകളാക്കി ഉയർത്തിയതിന്റെ ഭാഗമായും പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ കൂട്ടിച്ചേർ ത്തതിന്റെ ഭാഗമായും ഇല്ലാതായ ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരിൽ കൊല്ലം, കണ്ണൂർ എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളോട് കൂട്ടിച്ചേർക്കപ്പെടുന്ന 6 ഗ്രാമ പഞ്ചായത്തുകളെ ബന്ധപ്പെട്ട കോർപ്പറേഷന്റെ സോണൽ ഓഫീസുകളായി നിലനിറുത്തുകയും പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ താൽക്കാലിക സംവിധാനം എന്ന നിലയിൽ അവർ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഗ്രാമപഞ്ചായത്ത് കാര്യാലയം നഗരസഭാ സോണൽ ഓഫീസായി പരിവർത്തനം ചെയ്യുമ്പോൾ പ്രസ്തുത സോണൽ ഓഫീസിന്റെ അധിക പൂർണ്ണ ചുമതല അതാത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി, ജൂനിയർ സൂപ്രണ്ട് ഉടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരും നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നതുവരെ അതത് സോണൽ ഓഫീസുകളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഉടരാവുന്നതാണ് എന്ന് ഉത്തരവാ യിട്ടുണ്ട്. 27 മുനിസിപ്പാലിറ്റികളായി മാറുന്ന 31 ഗ്രാമ പഞ്ചായത്തുകളിലെ |

| | | |
|---|---|---|
| | | ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ അതത് മുനിസിപ്പാലിറ്റികളിലെ മുനിസിപ്പൽ സെക്രട്ടറിമാരുടെ അധിക പൂർണ്ണ ചുമതല നൽകി ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഗ്രാമ പഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി / ജൂനിയർ സൂപ്രണ്ട് തുടങ്ങി താഴോട്ടുള്ള മുഴുവൻ ഉദ്യോഗസ്ഥരേയും നഗരകാര്യ വകുപ്പിൽ നിന്നും പകരം സംവിധാനം ഏർപ്പെടുത്തുന്നത് വരെ അതാത് മുനിസിപ്പാലിറ്റികളിൽ തന്നെ തൽക്കാലം വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിലനിറുത്തിയും ഉത്തരവായിട്ടുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരെ പഞ്ചായത്തുകളിലേക്ക് മാറ്റി നിയമിക്കുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ